(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പോളി ക്ലിനിക്കുകൾ

235 [243] ശ്രീ. എ. വി. താമരാക്ഷൻ:

,, കല്ലട നാരായണൻ:

,, എസ്. ത്യാഗരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര താലൂക്ക് ആശുപത്രികളിൽ പോളി ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്;

(ബി) അവ ഏതെല്ലാം താലൂക്കുകളിലാണെന്നു വ്യക്തമാക്കുമോ;

(സി) ഇതിനാവശ്യമായ കെട്ടിടങ്ങളുടെ പണി പൂർത്തിയായോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

പൊതുജനാരോഗ്യ വകുപ്പു മന്ത്രി (ശ്രീ. കെ. വി. രാഘവൻ):

(എ) എട്ട് (8) മിനി പോളി ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 4 എണ്ണത്തിന്റെ കെട്ടിടം പണി പൂർത്തിയായിട്ടുണ്ട്.

(ബി) നെടുമങ്ങാട്, കൊട്ടാരക്കര, കാർത്തികപ്പള്ളി, മീനച്ചൽ, കോതമംഗലം, തൊടുപുഴ, മണ്ണാർക്കാട്, കാസർകോട് എന്നീ താലൂക്കുകളിലാണ് ആരംഭിച്ചത്. ചാവക്കാട്, പൊന്നാനി, വടകര, കാഞ്ഞങ്ങാട് എന്നീ താലൂക്കുകളിൽ കെട്ടിടം പണി പൂർത്തിയായി.

(സി) പൂർത്തിയായി.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശുദ്ധജലവിതരണപദ്ധതിക്ക് എൽ.ഐ.സി. ലോൺ

*236 [246] ശ്രീ. കെ. കെ. എസ്. തങ്കം: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശുദ്ധജലവിതരണപദ്ധതിക്ക് എൽ.ഐ.സി. ലോൺ അനുവദിക്കുന്നുണ്ടോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

ഉണ്ട്.

ഹെൽത്ത് സർവ്വീസ് വകുപ്പിലെ സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ച

*237 [247] ശ്രീ. എ.പി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് സർവ്വീസസ് വകുപ്പിലെ വിവിധ പ്രശ്നങ്ങളെപ്പറ്റി സർവ്വീസ് സംഘടനകളുമായി 1978-ൽ ഗവൺമെന്റ് ചർച്ച നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly